ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.09.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശും രാജസ്ഥാനും സന്ദർശിക്കും. ന്യൂഡൽഹിയിൽ വേൾഡ് ഫുഡ് ഇന്ത്യ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

**PM Narendra Modi to Visit Uttar Pradesh and Rajasthan Today; PM will Inaugurate World Food India in New Delhi.**

2) ഇന്ത്യയുടെ കപ്പൽ നിർമ്മാണ, സമുദ്ര ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് 69,725 കോടി രൂപയുടെ സമഗ്ര പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. റെയിൽവേ ജീവനക്കാർക്ക് 78 ദിവസത്തെ പ്രൊഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ് നൽകാനും തീരുമാനം.

**The Union Cabinet approves a comprehensive ₹69,725 crore plan to strengthen India's shipbuilding and maritime infrastructure. Cabinet sanctions Productivity Linked Bonus for 78 days to railway employees.**

3) സംസ്ഥാന പദവി ആവശ്യപ്പെട്ട് ലഡാക്കിൽ പ്രതിഷേധം ; ആവശ്യങ്ങളിൽ ചർച്ച തുടരുമെന്ന് ആഭ്യന്തര മന്ത്രാലയം.

**Statehood Demand Sparks Protests in Ladakh; Home Ministry Promises Continued Engagement.**

4) **കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.**

**Heavy Rains to Continue in Kerala, Says IMD; Fishing Ban Along Kerala, Karnataka, Lakshadweep Coasts Until Saturday.**

5) **ഏഷ്യാ കപ്പ് 20 ട്വന്റി ക്രിക്കറ്റ് സൂപ്പർ ഫോർ മത്സരത്തിൽ ബംഗ്ലാദേശിനെ 41 റൺസിന് തകർത്ത് ഇന്ത്യ ഫൈനലിൽ.**

**India Crushes Bangladesh by 41 Runs in Asia Cup T20 Super Four Clash, Storms into Final.**

## PRESIDENT

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സഫ്ദർജംഗ് റെയിൽവേ സ്റ്റേഷനിൽ നിന്ന് പ്രത്യേക ട്രെയിനിൽ ഉത്തർപ്രദേശിലെ വൃന്ദാവൻ സന്ദർശിക്കും. ശ്രീ ബങ്കെ ബിഹാരി ക്ഷേത്രം, നിധിവൻ, കുബ്ജ കൃഷ്ണ മന്ദിർ എന്നിവിടങ്ങളിൽ രാഷ്ട്രപതി ദർശനം നടത്തും. വൃന്ദാവനിലെ സുദാമ കുടി സന്ദർശിക്കുന്ന രാഷ്ട്രപതി മഥുരയിലെ ശ്രീകൃഷ്ണ ജന്മസ്ഥാനിലും ദർശനവും നടത്തും.

## PM VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തർപ്രദേശും രാജസ്ഥാനും സന്ദർശിക്കും. ഗ്രേറ്റർ നോയിഡയിൽ നടക്കുന്ന ഉത്തർപ്രദേശ് അന്താരാഷ്ട്ര വ്യാപാര പ്രദർശനം അദ്ദേഹം ഉദ്ഘാടനം ചെയ്യും. തുടർന്ന് രാജസ്ഥാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി ഒരു ലക്ഷത്തി 22 ആയിരത്തി 100 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും. ബൻസ്വരയിൽ നടക്കുന്ന പൊതുപരിപാടിയെ ശ്രീ മോദി അഭിസംബോധന ചെയ്യും. പ്രധാനമന്ത്രി കുസും ഗുണഭോക്താക്കളുമായും അദ്ദേഹം സംവദിക്കും.

## PM - WORLD FOOD INDIA

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വൈകുന്നേരം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ വേൾഡ് ഫുഡ് ഇന്ത്യ 2025 ഉദ്ഘാടനം ചെയ്യും. നാല് ദിവസത്തെ പരിപാടിയിൽ ഭക്ഷ്യ സംസ്കരണ മേഖലയിലെ ഇന്ത്യയുടെ മുന്നേറ്റം, ഭക്ഷ്യ സുസ്ഥിരത, ഭക്ഷ്യ ഉത്പാദനം എന്നിവ വ്യക്തമാക്കുന്ന പ്രദർശനം സംഘടിപ്പിക്കും. 21-ലധികം രാജ്യങ്ങൾ പരിപാടിയിൽ പങ്കെടുക്കും. ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ പദ്ധതികൾക്കായി ഏകദേശം 26 ആയിരം ഗുണഭോക്താക്കൾക്ക് 770 കോടിയിലധികം രൂപയുടെ ക്രെഡിറ്റ്-ലിങ്ക്ഡ് പിന്തുണ പരിപാടിയിലൂടെ നൽകും.

❁❁❁❁❁❁❁❁❁❁❁❁❁

## GST REFORMS- TREATMENT PLANT

രാജ്യത്ത് ഈ മാസം 22 മുതൽ പ്രാബല്യത്തിൽ വന്ന ജിഎസ്ടി പരിഷ്കാരത്തിന്റെ ഭാഗമായി മലിനജല സംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ഇത് വ്യവസായസ്ഥാപനങ്ങളിൽ കേന്ദ്രീകൃത മാലിന്യ സംസ്കരണ രീതി ഉപയോഗിക്കാൻ പ്രേരിപ്പിക്കും. ബയോഡീഗ്രേഡബിൾ ബാഗുകളുടെ ജിഎസ്ടി 18 ശതമാനത്തിൽ നിന്ന് 5 ശതമാനമാക്കിയതോടെ ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയും.

❁❁❁❁❁❁❁❁❁❁❁❁❁

## NIRMALA - GSTAT

ധനമന്ത്രി നിർമ്മല സീതാരാമൻ ഇന്നലെ ന്യൂഡൽഹിയിൽ ഗുഡ്സ് ആൻഡ് സർവീസസ് അപ്പലേറ്റ് ട്രിബ്യൂണൽ ഉദ്ഘാടനംചെയ്തു. നികുതിദായകർക്ക് നീതിയുടെ പ്രതീകമായും, വ്യവസായികൾക്ക് വിശ്വാസത്തിന്റെ സ്തംഭമായും, ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജകമായും ഈ ഫോറം മാറുമെന്ന് ധനമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## CABINET-CCEA

ഇന്ത്യയുടെ കപ്പൽ നിർമ്മാണ, സമുദ്ര ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിന് 69,725 കോടി രൂപയുടെ സമഗ്ര പദ്ധതിയ്ക്ക് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. ആഭ്യന്തര ശേഷി ശക്തിപ്പെടുത്തുന്നതിനും, ദീർഘകാല ധനസഹായം വർദ്ധിപ്പിക്കുന്നതിനും അനുയോജ്യമായ സമീപനമാണ് പദ്ധതിയിലുള്ളതെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പദ്ധതികളുടെ നിർവ്വഹണം നിരീക്ഷിക്കുന്നതിനായി ദേശീയ കപ്പൽ നിർമ്മാണ മിഷൻ സ്ഥാപിക്കുമെന്നും അദ്ദേഹം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**CABINET RAILWAY(INTRO)**

രാജ്യത്ത് ബിരുദ, ബിരുദാനന്തര മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ വലിയ തോതിലുള്ള വിപുലീകരണത്തിന് മന്ത്രിസഭ അംഗീകാരം നൽകിയതായി ശ്രീ വൈഷ്ണവ് പറഞ്ഞു. ഇതിന്റെ ഭാഗമായി കേന്ദ്ര സഹായത്തോടെ അയ്യായിരം പിജി സീറ്റുകളും അയ്യായിരത്തി ഇരുപത്തിമൂന്ന് MBBS സീറ്റുകളും സൃഷ്ടിക്കും. റെയിൽവേ ജീവനക്കാർക്ക് 78 ദിവസത്തെ പ്രൊഡക്ടിവിറ്റി ലിങ്ക്ഡ് ബോണസ് നൽകാനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയതായി ശ്രീ വൈഷ്ണവ് അറിയിച്ചു.

**( വോയിസ്...)**

❁❁❁❁❁❁❁❁❁❁❁❁❁

## MHA- LADAKH

കേന്ദ്ര ഭരണ പ്രദേശമായ ലഡാക്കിനു സംസ്ഥാന പദവി നൽകുക, പ്രദേശത്തെ ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് നടന്ന പ്രതിഷേധം അക്രമാസക്തമായതിനെ തുടർന്ന് ലേയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. നിരാഹാര സമരം ചെയ്യുന്ന പരിസ്ഥിതിപ്രവർത്തകൻ സോനം വാങ്ചുക്കിന്റെ ആവശ്യപ്രകാരം ലേ അപെക്സ് ബോഡി, കാർഗിൽ ഡെമോക്രാറ്റിക് അലയൻസ് സംഘടനകളുമായി അനൗപചാരിക ചർച്ചകൾ നടത്തിയതായി ആഭ്യന്തര മന്ത്രാലയം അറിയിച്ചു. അടുത്ത മാസം 6 ന് ഇത് സംബന്ധിച്ച യോഗം ചേരുമെന്നും ലഡാക്കിൽ നിന്നുള്ള നേതാക്കളുമായി ഇന്നും നാളെയും കൂടിക്കാഴ്ചകൾ നടത്തുമെന്നും മന്ത്രാലയം വ്യക്തമാക്കി. വിഷയത്തിൽ പ്രകോപനപരമായ ദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കരുതെന്നും മന്ത്രാലയം അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## VEENA GEORGE

പാലക്കാട് അട്ടപ്പാടി കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങളുടെ ഉദ്ഘാടനം മന്ത്രി വീണാ ജോർജ് ഇന്ന് നിർവഹിക്കും . 13.67 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചത്. പാലക്കാട് എലപ്പുള്ളി

താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ പ്രവർത്തനോദ്ഘാടനവും മന്ത്രി നിർവഹിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിന്റെ 126-ാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശന്റെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മൻ കി ബാത്തിലേക്ക് ആശയങ്ങൾ അറിയിക്കാനുള്ള സമയ പരിധി നാളെ അവസാനിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## CDS TENURE EXTENDED

ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് ആയി ജനറൽ അനിൽ ചൗഹാന്റെ സേവനം നീട്ടുന്നതിന് കേന്ദ്ര മന്ത്രിസഭയുടെ നിയമനകാര്യ സമിതി അംഗീകാരം നൽകി. 2026 മെയ് 30 വരെയോ, ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെയോ ആണ് നിയമനം. 2022 സെപ്റ്റംബർ 28നാണ് ജനറൽ ചൗഹാനെ പ്രതിരോധസേനാ മേധാവിയായി നിയമിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## SEVA PARV- DEFENCE INNOVATION ( INTRO)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ പ്രതിരോധ മേഖലയുടെ നവീകരണത്തിനായി നടപ്പാക്കുന്ന വിവിധ നാടപടികളെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്.

*(വോയ്സ്)*
*( മ്യൂസിക് )*

## SEVA PARV- DEFENCE INNOVATION ( VOICE)

പ്രതിരോധ മേഖലയിൽ ഭൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ആവാസവ്യവസ്ഥ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2018 ഏപ്രിലിലാണ് ഇന്നൊവേഷൻസ് ഫോർ ഡിഫൻസ് എക്സലൻസ്, ഐഡിഇഎക്സ് സംരംഭം ആരംഭിച്ചത്. ഗവേഷണ വികസന സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, സ്റ്റാർട്ടപ്പുകൾ എന്നിവയെ ഉൾപ്പെടുത്തി പ്രതിരോധ മേഖലയിലെ സാങ്കേതിക വികസനത്തിനാണ് ലക്ഷ്യമിടുന്നത്. മഹാബലിപുരത്ത് ഇന്നൊവേഷൻസ് ഫോർ ഡിഫൻസ് എക്സലൻസ് ഉദ്ഘാടനം ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദി സാങ്കേതികവിദ്യ, നവീകരണം, ഗവേഷണം, വികസനം എന്നിവയുടെ പ്രാധാന്യം എടുത്തു പറഞ്ഞു.
*( പിഎം വോയിസ്.... )*
എംഎസ്എംഇകൾ, സ്റ്റാർട്ടപ്പുകൾ, അക്കാദമിക് മേഖല എന്നിവയുമായി സഹകരിച്ചുകൊണ്ട്, അത്യാധുനിക

സാങ്കേതികവിദ്യകളുടെ വികസനത്തെ പിന്തുണയ്ക്കുന്നതിനായി ഐഡിഇഎക്സ് 1.5 കോടി രൂപ വരെ ഗ്രാന്റുകൾ നൽകിയിട്ടുണ്ട്. 619 സ്റ്റാർട്ടപ്പുകളെയും എംഎസ്എംഇകളെയും ഉൾപ്പെടുത്തി 430 ഐഡിഇഎക്സ് കരാറുകളിൽ ഇതുവരെ ഒപ്പുവച്ചു. ഇതിലൂടെ പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിക്കാണ് ഇന്ത്യ അതിവേഗം മുന്നേറുന്നത്.

*( മ്യൂസിക് )*

❁❁❁❁❁❁❁❁❁❁❁❁❁

## SEVAPARV ANNOUNCEMENT

സേവാ പർവിന്റെ ഭാഗമായി ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക ചർച്ച ഇന്ന് ഉച്ചയ്ക്ക് ശേഷം, 3.30 ന് പ്രക്ഷേപണം ചെയ്യും. ചർച്ചയിൽ ഡിജിറ്റൽ ഇന്ത്യ : ആധാർ മുതൽ എഐ വരെ എന്ന വിഷയത്തിൽ കേരള സർവകലാശാല മുൻ പ്രൊഫസറും സി-ഡിറ്റ് മുൻ ഡയറക്ടറുമായ ഡോ. അച്യുത് ശങ്കർ സംസാരിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## WEATHER - KERALA

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് പോകരുതെന്ന്

മുന്നറിയിപ്പ്. കേരളതീരത്ത് കടലാക്രമണത്തിനു സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

❁❁❁❁❁❁❁❁❁❁❁❁❁

## ASIA CUP CRICKET

ഏഷ്യാ കപ്പ് 20 ട്വന്റി ക്രിക്കറ്റിലെ സൂപ്പർ ഫോർ മത്സരത്തിൽ ബംഗ്ലാദേശിനെ 41 റൺസിന് തകർത്ത് ഇന്ത്യ ഫൈനലിൽ. ഇന്ത്യ ഉയർത്തിയ 169 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ബംഗ്ലാദേശ് 127 റൺസിന് പുറത്താവുകയായിരുന്നു. ഇന്ത്യക്കു വേണ്ടി അഭിഷേക് ശർമ്മ 75 റൺ നേടി കളിയിലെ താരമായി.

❁❁❁❁❁❁❁❁❁❁❁❁❁

## CBSE-TENTATIVE DATE SHEET

സിബിഎസ്ഇ 10, 12 ക്ലാസുകളിലെ ബോർഡ് പരീക്ഷകൾ അടുത്ത വർഷം ഫെബ്രുവരി 17 നും ജൂലൈ 15 നും ഇടയിൽ നടക്കും. തീയതികൾ താൽക്കാലികമാണെന്നും സ്കൂളുകൾ ഉദ്യോഗാർത്ഥികളുടെ പൂർണമായ പട്ടിക സമർപ്പിച്ചതിന് ശേഷം അന്തിമ തീയതി പ്രഖ്യാപിക്കുമെന്നും സിബിഎസ്ഇ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## PIB PATHANAMTHITTA

തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ പത്തനംതിട്ടയിലെ പ്രാദേശിക മാധ്യമപ്രവർത്തകർക്കായി ഇന്ന് ഏകദിന മാധ്യമ ശില്പശാല - വാർത്താലാപ് സംഘടിപ്പിക്കും. ജില്ലാ കളക്ടർ എസ്. പ്രേം കൃഷ്ണൻ ഉദ്ഘാടനം നിർവഹിക്കും. പിഐബി കേരള - ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി അധ്യക്ഷത വഹിക്കും.